പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 207 05.11.2019 ലെ മറുപടിക്ക്

**കയർ രണ്ടാം പുന:സംഘടനാ സ്കീം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ രണ്ടാം പുന:സംഘടനാ സ്കീമിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) കയർ മേഖല സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. |
| ബി) ദുർബലാവസ്ഥയിലുള്ള കയർപിരി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) അടിസ്ഥാനപരമായി രണ്ട് സമീപനങ്ങളാണ് ഈ രംഗത്ത് സർക്കാർ സ്വീകരിച്ച വരുന്നത്.<br>1. കയറിന്റെ ഉത്പാദനം വർദ്ധിപ്പിക്കുക, സംഭരണവും വിലവിതരണവും കാര്യക്ഷമമാക്കുക. ഇക്കാര്യത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങൾ കൊണ്ട് ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉൽപ്പാദനം 2015-16 ൽ 86,702.44 ക്വിൻറൽ ആയിരുന്നത് 2018-19 ൽ 1,64,850 ക്വിന്റൽ ആയി ഉയർന്നിട്ടുണ്ട്. ഇത് തൊഴിൽ ദിനങ്ങളിൽ പ്രതിഫലിക്കുകയും ചെയ്തു.<br>2. കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ മേഖലകൾ കണ്ടെത്തി കയറിന്റെ ഡിമാന്റ് വർദ്ധിപ്പിക്കുക. അതിനനുസൃതമായി ചകിരി, കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ യന്ത്രവത്ക്കരണം ഏർപ്പെടുത്തുക. വർദ്ധിച്ച ഉത്പ്പാദനക്ഷമത തൊഴിലാളികളുടെ വരുമാനത്തിലും പ്രതിഫലിക്കും. ഇത്തരത്തിലൊരു ആധുനീകരണം അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ഇതോടൊപ്പം കയർപിരി സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും ഊന്നൽ നൽകി പ്രവർത്തിക്കുന്നുണ്ട്.<br><br>എല്ലാ കയർ സഹകരണ സംഘങ്ങൾക്കും സംസ്ഥാന ബജറ്റിന്റെ ഭാഗമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ നിന്നും വർക്ക്ഷെഡ്, ടോയ്ലറ്റ്, ഗോഡൗണുകൾ എന്നിവ നിർമ്മിക്കുന്നതിനും മെയിൻറനൻസ് നടത്തുന്നതിനും ധനസഹായം നൽകി വരുന്നു. കൂടാതെ എൻ.സി.ഡി.സി. പദ്ധതി പ്രകാരം യന്ത്രവത്ക്കരണ നടപടികളും സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | സംഘങ്ങൾക്ക് പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ സംഘങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ തയ്യാറുള്ള ദുർബലാവസ്ഥയിലുള്ള കയർ സഹകരണ സംഘങ്ങൾക്കും നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും സർക്കാർ നൽകുന്നുണ്ട്.<br><br>കയർതൊഴിലാളികളുടെ ജീവനോപാധി എന്നനിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ടതരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br><br>3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ 50% സബ്സിഡി (സ്പെഷ്യൽ ഇൻവെസ്റ്റ്മെൻറ് സബ്സിഡി) ഡി.എഫ്. മില്ലുകൾക്ക് 25 ലക്ഷം രൂപ വരെ നൽകി വരുന്നു.<br><br>6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>7. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br><br>8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br><br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br><br>11. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>12. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം |

| | |
|---|---|
| | സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>14. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>15. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br><br>16. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി .<br><br>17. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു. |
| സി) സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറിന് മിനിമം വില ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | സി) കേരളത്തിലെ കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡുവഴി സംഭരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. 2018-19 ൽ 1.57 ലക്ഷം ക്വിൻറൽ കയർ സംഭരിച്ചിട്ടുണ്ട്. കൂടാതെ ഈ കയറുകളിൽ ഏതെങ്കിലും ഇനം വിൽപ്പന നടത്തുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യങ്ങളിൽ പ്രൈസ് ഫ്ളക്ച്വേഷൻ കമ്മറ്റി ചേർന്ന് ആവശ്യമായ ഡിസ്കൗണ്ട് നിശ്ചയിച്ചുനൽകുകയും ചെയ്യുന്നു. കയർവില പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ